STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.139/PR/SPMC/PHQ/2026 Date:12.03.2026

# വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണറും കമൻേറഷൻ ഡിസ്ക്കും വിതരണം ചെയ്തു.

പോലീസിലെ വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ച 217 പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന പൊലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ തിരുവനന്തപുരത്ത് തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിൽ മൈൻഡ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ 2024 ലെ ബാഡ്ജ് ഓഫ് ഓണറും കമൻറേഷൻ ഡിസ്ക്കും സെർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

കേസന്വേഷണം, ക്രമസമാധാനപാലനം, രഹസ്യ വിവരശേഖരണം, ഭരണനിർവഹണം, മനുഷ്യക്കടത്ത്, ഗതാഗത നിയന്ത്രണം, പരിശീലനം, സൈബർ ക്രൈം, വിരലടയാളശേഖരണം, സോഷ്യൽ പോലീസിംഗ്, റെയിൽവേ പോലീസ്, കോസ്റ്റൽ പോലീസ് മുതലായ മേഖലകളിൽ കഴിവ് തെളിയിച്ച 167 പേർക്കാണ് ബാഡ്ജ് ഓഫ് ഓണർ ലഭിച്ചത്.വിവിധ മേഖലകളിലെ മികച്ച പ്രകടനത്തിന് 50 പേർക്ക് കമൻറേഷൻ ഡിസ്ക്കും ലഭിച്ചു.മിനിസ്റ്റീരിയൽ വിഭാഗത്തിൽ പെട്ട ഏഴ് പേർക്ക് കമൻറേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചു.

ചടങ്ങിൽ എ.ഡി.ജി.പിമാരായ എസ് ശ്രീജിത്ത്, എച്ച് .വെങ്കടേഷ്, ഐ ജി മാരായ ഗുഗുലോത്ത് ലക്ഷ്മൺ , സ്പർജൻ കുമാർ, സതീഷ് ബിനോ മറ്റു മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

*******************



